# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം** **28/06/2016-ൽ മറുപടിക്ക്**

**നമ്പർ. 119**

## പി.എസ്.സി. നിയമനങ്ങൾ

**ചോദ്യം**

ശ്രീ.കെ.എസ്.ശബരീനാഥൻ
ശ്രീ.വി.റ്റി.ബൽറാം
ശ്രീ.റോജി എം.ജോൺ
ശ്രീ.ഷാഫി പറമ്പിൽ

**ഉത്തരം**

ശ്രീ.പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | മുൻ ഗവൺമെന്റിന്റെ കാലത്ത് പി.എസ്.സി. നിയമനങ്ങൾ നടത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം; | (എ) | പ്രധാനപ്പെട്ട എല്ലാ തസ്തികകളിലും എപ്പോഴും പി.എസ്.സി. യുടെ ലൈവ് റാങ്ക് ലിസ്റ്റ് ഉണ്ടാകത്തക്ക രീതിയിലുള്ള സംവിധാനം ഒരുക്കുവാൻ പി.എസ്.സി.യോട് ശിപാർശ ചെയ്തിരുന്നു. ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് തന്നെ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് എല്ലാ വകുപ്പുമേധാവികൾക്കും നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിരുന്നു. |
| (ബി) | മുൻ ഗവൺമെന്റിന്റെ കാലത്ത് എത്ര പേർക്കാണ് നിയമനം നൽകിയത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) | 18.05.2011 മുതൽ 24.05.2016 വരെയുള്ള കാലയളവിൽ 1,54,238 പേർക്കാണ് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുള്ളത്. |
| (സി) | ഇതിനായി എത്ര തസ്തികകളാണ് പുതുതായി സൃഷ്ടിച്ചത് ? | (സി) & (ഡി) | നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി പി.എസ്.സി.യിൽ 34 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആധുനിക സാങ്കേതിക വിദ്യ ഉപയുക്തമാക്കി പി.എസ്.സി.യിലെ തെരഞ്ഞെടുപ്പ് നടപടി ക്രമങ്ങളുടെ വേഗത വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | ഈ നേട്ടം കൈവരിക്കാൻ ഭരണതലത്തിൽ എന്തെല്ലാം തയ്യാറെടുപ്പുകളാണ് നടത്തിയത് ? | | |

**സെക്ഷൻ ഓഫീസർ**